# കേരള സർവകലാശാല

നം. പി.ആർ.078/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### അക്കാദമിക് കൗൺസിൽ യോഗം

ഏപ്രിൽ ഒന്നിന് നടത്താനിരുന്ന അക്കാദമിക് കൗൺസിൽ യോഗം ഏപ്രിൽ 15-ന് രാവിലെ 10 മണിക്ക് സെനറ്റ് ചേംബറിൽ നടക്കും.

### ബി.ബി.എ പരീക്ഷ

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം ഏപ്രിൽ 26-ാം തീയതി ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ബി.ബി.എ (2014 റെഗുലർ & 2013 സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയ്ക്ക് വേണ്ടി തിരുവനന്തപുരം പരീക്ഷകേന്ദ്രമായി ആവശ്യപ്പെട്ട വിദ്യാർത്ഥികൾ കേരള സർവകലാശാലയുടെ പാളയത്തെ വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അതേ കേന്ദ്രത്തിൽ തന്നെ പരീക്ഷ എഴുതേണ്ടതാണ്. കൊല്ലം പരീക്ഷകേന്ദ്രമായി ആവശ്യപ്പെട്ട വിദ്യാർത്ഥികൾ കൊല്ലം ടി.കെ.എം ആർട്സ് ആന്റ് സയൻസ് കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അതേ കേന്ദ്രത്തിൽ തന്നെ പരീക്ഷ എഴുതേണ്ടതാണ്. ചേർത്തല, കോട്ടയം, കണ്ണൂർ എന്നീ കേന്ദ്രങ്ങൾ ആവശ്യപ്പെട്ട വിദ്യാർത്ഥികൾ ചേർത്തല എസ്.എൻ കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അതേ കേന്ദ്രത്തിൽ തന്നെ പരീക്ഷ എഴുതേണ്ടതാണ്.

### എം.എസ്‌സി കമ്പ്യൂട്ടർ സയൻസ് പ്രാക്ടിക്കൽ പരീക്ഷകേന്ദ്രങ്ങളിൽ മാറ്റം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം യു.ടി.ഐ കൊല്ലം സെന്ററിൽ ഏപ്രിൽ 10-ന് നടത്താനിരുന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി കമ്പ്യൂട്ടർ സയൻസ് (റെഗുലർ & സപ്ലിമെന്ററി) പ്രാക്ടിക്കൽ സോഫ്റ്റ്‌വെയർ ലാബ് മൂന്ന് ആന്റ് കേസ് സ്റ്റഡി മൂന്ന് എക്സാമിനേഷനും യു.ടി.ഐ കൊല്ലം സെന്ററിൽ ഏപ്രിൽ 12-ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി കമ്പ്യൂട്ടർ സയൻസ് (സപ്ലിമെന്ററി) സോഫ്റ്റ്‌വെയർ ലാബ് രണ്ട് ആന്റ് കേസ് സ്റ്റഡി രണ്ട് എക്സാമിനേഷനും അതേ ദിവസങ്ങളിൽ തന്നെ പാളയത്തെ വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. യു.ടി.ഐ കൊല്ലം സെന്ററായുള്ള വിദ്യാർത്ഥികൾ പാളയം കേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്.

### ബി.പി.എ പരീക്ഷ

കേരള സർവകലാശാലയുടെ ബി.പി.എ ആന്വൽ സ്കീം മേഴ്സി ചാൻസ് പരീക്ഷകൾ ഏപ്രിൽ 17 മുതൽ ആരംഭിക്കുന്നതാണ്. വിദ്യാർത്ഥികൾ തിരുവനന്തപുരം സ്വാതി തിരുനാൾ സംഗീത കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അതേ കേന്ദ്രത്തിൽ തന്നെ പരീക്ഷ എഴുതേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ബി.എ സപ്ലിമെന്ററി ടൈടേബിള്‍

കേരള സര്‍വകലാശാല വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം മെയ് എട്ടാം തീയതി മുതല്‍ നടത്തുന്ന രണ്ടാം സെമസ്റ്റര്‍ എം.ബി.എ ഡിഗ്രി സപ്ലിമെന്ററി പരീക്ഷ യുടെ ടൈംടേബിള്‍ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങള്‍ വെബ്സൈറ്റില്‍ (www.keralauniversity.ac.in) ലഭിക്കും.

## പരീക്ഷകളുടെ ടൈടേബിള്‍ വെബ്സൈറ്റില്‍

കേരള സര്‍വകലാശാല ഏപ്രിലില്‍ നടത്തുന്ന എം.പി.ഇ പ്രീവിയസ്, ഫൈനല്‍ പരീക്ഷകളുടെ ടൈംടേബിള്‍ സര്‍വകലാശാല വെബ്സൈറ്റില്‍ (www.keralauniversity.ac.in) ലഭിക്കും.

കേരള സര്‍വകലാശാല ഏപ്രിലില്‍ നടത്തുന്ന എം.പി.ഇ പാര്‍ട്ട് ബി (പ്രാക്ടിക്കല്‍) പരീക്ഷകളുടെ ടൈംടേബിള്‍ സര്‍വകലാശാല വെബ്സൈറ്റില്‍ (www.keralauniversity.ac.in) ലഭിക്കും.

കേരള സര്‍വകലാശാല ഏപ്രിലില്‍ നടത്തുന്ന ബി.പി.എഡ് പാര്‍ട്ട് സി (ടീച്ചിംഗ് എബിലിറ്റി)പാര്‍ട്ട് ഡി (കോച്ചിംഗ് എബിലിറ്റി) പരീക്ഷകളുടെ ടൈംടേബിള്‍ സര്‍വകലാശാല വെബ്സൈറ്റില്‍ (www.keralauniversity.ac.in) ലഭിക്കും.

കേരള സര്‍വകലാശാല ഏപ്രിലില്‍ നടത്തുന്ന ബി.പി.എഡ് രണ്ട് (സപ്ലിമെന്ററി),നാല് (റെഗുലര്‍ & സപ്ലിമെന്ററി), ആറ് (റെഗുലര്‍ & സപ്ലിമെന്ററി), എട്ട് (റെഗുലര്‍) സെമസ്റ്റര്‍ പരീക്ഷകളുടെ ടൈംടേബിള്‍ സര്‍വകലാശാല വെബ്സൈറ്റില്‍ (www.keralauniversity.ac.in) ലഭിക്കും.

## പി.ജി പരീക്ഷ ഫലം

കേരള സര്‍വകലാശാല 2016 ആഗസ്റ്റില്‍ നടന്ന രണ്ടാം സെമസ്റ്റര്‍ എം.എ സോഷ്യോളജി, ഇസ്ലാമിക് ഹിസ്റ്ററി, ഫിലോസഫി, ബിസ്നസ് ഇക്കണോമിക്സ്, തമിള്‍, എം.എസ്സി ഇലക്ട്രോണിക്സ്, ബയോഇന്‍ഫര്‍മാറ്റിക്സ്, കൗണ്‍സിലിംഗ് സൈക്കോളജി, ജിയോഗ്രഫി, ബയോടെക്നോളജി, ബയോകെമിസ്ട്രി, എം.പി.എ പരീക്ഷകളുടെ ഫലം സര്‍വകലാശാല വെബ്സൈറ്റില്‍ (www.keralauniversity.ac.in) ലഭിക്കും.

## ഇംഗ്ലീഷ് സ്കില്‍ ഡെവലപ്മെന്റ് സര്‍ട്ടിഫിക്കറ്റ് കോഴ്സ് പരീക്ഷ

കേരള സര്‍വകലാശാലയുടെ ഇംഗ്ലീഷ് ലാംഗ്വേജ് ടീച്ചിംഗ് സെന്റര്‍ നടത്തുന്ന സ്പോക്കണ്‍ ഇംഗ്ലീഷ് സ്കില്‍ ഡെവലപ്മെന്റ് സര്‍ട്ടിഫിക്കറ്റ് കോഴ്സിന്റെ പരീക്ഷ ഏപ്രില്‍ എട്ടിന് രാവിലെ 10.00 മണിക്ക് ഇന്‍സ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് പഠന വകുപ്പില്‍ നടക്കും. ഹാള്‍ടിക്കറ്റുകള്‍ ഏപ്രില്‍ എട്ടിന് സെന്ററില്‍ നിന്ന് കൈപ്പറ്റണം.

തിരുവനന്തപുരം.
07.04.2017

പബ്ലിക് റിലേഷന്‍സ് ഓഫീസര്‍

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098